# ചർച്ച് ബുള്ളറ്റിൻ മേയ് 2009



# താളുകൾ മറിക്കുമ്പോൾ


**3-4**
വികാരിയച്ചൻെറ സന്ദേശം

**5**
അറിയിപ്പുകൾ

**6-7**
പൊതു വിജ്ഞാനം
ജിബി എൽസൺ

**8**
The Little Girl In The Park –
By Sai Manarcadu

**9-10**
ഉറപ്പാക്കേണ്ട വിളിയും, പിന്നെ തെരെഞ്ഞെടുപ്പും

**11-12**
പിതാക്കന്മാരുടെ അസ്ഥികൾ റാഞ്ചുന്ന പൈശാചിക കൂട്ടങ്ങൾ

**13-14**
English Bible Crossword By Leela Alexander

**15-16**
മലയാളം ബൈബിൾ ക്വിസ്സ്
അന്നമ്മ ജോസഫ്

**17-19**
Photo Gallery
Passion Week Services
& Easter Nercha Preparations

**20**
Greetings Page
Cottage prayer Notice
Song by Ashley Shaju


അടുത്ത ലക്കം ബുള്ളററിൻ ജൂൺ മാസം 5–ന് പ്രസദ്ധീകരിക്കുന്നതിനാൽ എല്ലാ ഉത്തരങ്ങളും, ലേഖനങ്ങളും, പരസ്യങ്ങളും മേയ് 29–ന് മുമ്പ് ഏല്പിക്കേണ്ടതാണ്

## *Thanks Giving For Favors Received*



**Annamma Varkey**



**Annamma Joseph**



**Diyo & Diya**





## വികാരിയച്ചൻെറ സന്ദേശം

## വലിയ വെള്ളിയാഴ്ച

(കഴിഞ്ഞ ലക്കം തുടർച്ച)

........കർത്താവിന് നിരാശയുടെ നിഴൽപോലും ഉണ്ടായിരുന്നില്ല. എന്നാലോ ഹൃദയംനിറഞ്ഞ ചാരിതാർത്ഥ്യം ആയിരുന്നുവെന്ന് പിന്നീടുള്ള രണ്ടു വചനങ്ങൾ സാക്ഷിക്കുന്നു.

ആറാമതായി:- കർത്താവ് നിവൃത്തിയായി (വി യോഹ 19:30) എന്ന് കൃതാർത്ഥതയോടെ പിതാവിനോടും ലോകത്തോടുമായി പറഞ്ഞു. താൻ മനുഷ്യനെ പാപ ശിക്ഷയിൽ നിന്നും വീണ്ടെടുക്കുവാനും രക്ഷിക്കുവാനും വേണ്ടി എഴുതപ്പെട്ടിട്ടുള്ള സകല തിരുവെഴുത്തുകളേയും നിറവേറ്റിയെന്നുള്ള ആത്മ സംതൃപ്തിയാണ് ഈ വചനത്തിൽകൂടി കർത്താവ് പ്രഖ്യാപിച്ചത്. (വി മത്തായി: 26 53-54, വി.ലൂക്കോസ് 24: 25-27, ഏശായാ: 52:13).

ഏഴാമത്തേയും അവസാനത്തേതുമായി യേശു **അത്യുച്ചത്തിൽ പിതാവേ, ഞാൻ എന്റെ ആത്മാവിനെ തൃക്കയ്യിൽ ഏല്പിക്കുന്നു എന്നു നിലവിളിച്ചു പറഞ്ഞു; ഇതു പറഞ്ഞിട്ടു പ്രാണനെ വിട്ടു.** (ലുക്കൊസ് 23:46).തൻെറ ഇഹലോക മനുഷ്യാവതാര കർത്തവ്യം നിറവേറ്റി, ആത്മാവിനെ പിതാവിങ്കൽ ഭരമേല്പിക്കുന്നതായി പ്രസ്താവിച്ചു. ഈ അവസാന രണ്ടു വചനങ്ങളുടെ അത്ഭുത സന്ദേശത്തെ ഗ്രഹിക്കുവാൻ പ്രാകൃത ചിന്താഗതിക്കാരനായ *എച്ച്. ജി. വെൽസ്ന്* കഴിഞ്ഞില്ലെങ്കിൽ അതിൽ യാതോരു അത്ഭുതവുമില്ല. ഈ *എച്ച്. ജി. വെൽസ്നെ* പോലെയുള്ള ധാരാളംപേർ ഇന്നുമുണ്ട്. പ്രിയരെ ക്രൂശിൽ ശിക്ഷയായി മരിക്കുന്നവരുടെ മൃതശരീരങ്ങൾ സംസ്ക്കരിക്കാതെ നഗരത്തിൽ അഴുക്കുചാലുകളുടെ കുളത്തിൽ എറിഞ്ഞുകളയുകയാണ് പതിവായിരുന്നത്. കയ്യാപ്പായുടെ ദുഷ്ക്കൂട്ടം അതിനായി കാത്തിരിക്കുമ്പോൾ യൗസേഫും, നിക്കോദിമോസും കൂടി നമ്മുടെ കർത്താവിന് ഒരു രാജകീയ സംസ്ക്കാരം നിറവേററി ഇത് മഹത്വമുള്ളവനായ ഏശായ ദീർഘദർശിയുടെ പ്രവചനമായിരുന്നു. (ഏശായാ: 53:9), (വി.യോഹ 19:38-42).

പ്രിയരെ ഇന്നും പ്രാകൃത ലോകത്തിൻെറ കാഴ്ചപ്പാടിൽ യേശുക്രിസ്തു ഒരു മതസ്ഥാപകനോ ക്രൂശിൽ മരിച്ച ഒരു നല്ല മനുഷ്യനോ മാത്രമാണ്. ഇതാണ് ഏറ്റവും പരിതാപകരമായ തെററിന്റെ ദു:ഖസത്യം. കർത്താവ് മനുഷ്യന് തൻെറ പാപപരിഹാര യാഗത്താൽ നിത്യജീവൻെറ സ്വർഗ്ഗം തുറന്നുകൊടുത്ത ദൈവത്തിൻെറ ഒരേ ഒരു മനുഷ്യാവതാരമാണെന്ന് വിശ്വസിക്കാത്ത ഏവനും നിത്യ നിർഭാഗ്യവാനാണ്. (1 കൊരി 15:12-19) മോർ പത്രോസിൻേറയും, മോർ പൗലോസിൻേറയും സകല ശിഷ്യൻമാരുടേയും പ്രസംഗത്തിൻെറ അന്ത:സത്ത ഇതത്രെ (അപ്പോ പ്ര: 4:12). പ്രിയ സഹോദരങ്ങളെ ദൈവസ്നേഹം നിസാര ഭൗമീക

ജീവികളിൽ കൂടിപോലും കർത്താവ് നമ്മെ പഠിപ്പിക്കുന്നു. ഒരു പിടക്കോഴി അതിന്റെ അടയിരിക്കുന്ന കാലം വരുമ്പോൾ മുട്ട ഉണ്ടെങ്കിലും, ഇല്ലെങ്കിലും അതു അടയിരിക്കുന്നു. വിശപ്പും, ക്ലേശവും സഹിച്ചു അവ വിരിയുവോളം തന്റെ ചൂട് നൽകി ആ കോഴി മക്കളോടുള്ള തൻെറ സ്നേഹം വെളിപ്പെടുത്തുന്നു. മുട്ട വിരിഞ്ഞു കുഞ്ഞുങ്ങൾ പ്രാപ്തിയാകുവോളം അതു വിശപ്പും, എന്തു പ്രതികൂലസാഹചര്യങ്ങളും സഹിക്കുന്നു. ഒരു പൂവൻകോഴിയാണെങ്കിൽ അതിനെ കൊല്ലാൻ കെട്ടിയിട്ടാലും തക്ക സമയത്ത് കൂകി തൻെറ യജമാനാനെ ഉണർത്തുന്നു. ഒരു കാക്ക തന്നോളം തന്നെ വലിപ്പമുള്ള തൻെറ കുഞ്ഞിന് വായിൽ ആഹാരം വച്ച് കൊടുക്കുന്നു. ഒരു എട്ടുകാലി തൻെറ കുഞ്ഞുങ്ങൾക്ക് സ്വയം ആഹാരമായിത്തീർന്ന് ചാകുന്നു. ഇവയെല്ലാം മനുഷ്യൻ കണ്ട് നാം ദൈവസ്നേഹം പഠിക്കുവാൻ ദൈവം സദാ കളമൊരുക്കുന്നു.

പ്രിയരെ യേശുക്രിസ്തു മാത്രമാകുന്നു ദൈവത്തിൻെറ ഏക മനുഷ്യാവതാരം. ശാരീക പിതാവും ഭാര്യാ സന്താനങ്ങളുമുള്ള ഒരു വ്യക്തി സാങ്കല്പീകമോ, വാസ്തവമോ ആകട്ടെ ഒരിക്കലും ദൈവത്തിൻെറ മനുഷ്യാവതാരമല്ല. ഇതു ഗ്രഹിക്കുവാൻ വെറും ആലോചനാ ശക്തി മാത്രം മതിയാകുമല്ലോ?.

യേശുക്രിസ്തുവെന്ന ദൈവത്തിൻെറ ഏക മനുഷ്യാവതാരം ക്രൂശിൽ യാഗമായി മരിച്ചത് മനുഷ്യരായ നാം ഒരോരുത്തർക്കും പാപപരിഹാരം നൽകി സ്വർഗ്ഗത്തിൽ ഒരു നാളും അവസാനിക്കാത്ത നിത്യ ജീവൻെറ പരമഭാഗ്യം സൗജന്യമായി നൽകുവാനാണ്.

സസ്നേഹം നിങ്ങളുടെ പോൾ അച്ചൻ

## വി. സഭ ഇ മാസം ഓർമ്മ ആചരിക്കുന്ന അഭിവന്ദ്യ പിതാക്കന്മാർ



നമ്മുടെ മുൻ വികാരിയും,(1982–1984) തെക്കൻ ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്തായുമായിരുന്ന കാലം ചെയ്ത പുണ്ണ്യശ്ലോകനായ അഭിവന്ദ്യ മർക്കോസ് മോർ കൂറിലോസ് തിരുമേനിയുടെ ഓർമ്മ മേയ് 30–ന് വി: സഭ ആചരിക്കുന്നു.

## ബഹറിൻ ഇടവകയുടെ ആദരാഞ്ജലികൾ

വെള്ളൂർ സെന്റ്: സൈമൺസ് പള്ളിയിൽ കബറടങ്ങിയിരിക്കുന്ന പുണ്ണ്യശ്ലോകനായ അഭിവന്ദ്യ ഫീലിപ്പോസ് മോർ ഈവാനിയോസ് തിരുമേനിയുടെ ഓർമ്മ മേയ് 8–ന് വി: സഭ ആചരിക്കുന്നു.



# Announcements

**21-05-2009 വ്യാഴം സ്വർഗ്ഗാരോഹണ പെരുന്നാൾ. (വി: കുർബ്ബാന 20-05-2009 ബുധനാഴ്ച വൈകീട്ട് 7:00-ന്)**

**31-05-2009 ഞായർ പെന്തിക്കോസ്തി പെരുന്നാൾ. വി: കുർബ്ബാന വൈകീട്ട് 7:00-ന്**

**29-05-2009 Friday** പുണ്ണ്യശ്ലോകനായ അഭിവന്ദ്യ മർക്കോസ് മോർ കൂറിലോസ് തിരുമേനിയുടെ ഓർമ്മ.

**29-05-2009 Friday cottage prayer meeting ശ്രീ ജോബി പോളിന്റെ ഭവനത്തിൽ വച്ച് നടത്തപ്പെടുന്നു. വൈകീട്ട് 7:30-ന്.**

നമ്മുടെ ഇടവകാംഗങ്ങളായ ശ്രീ ബേബി വർഗ്ഗീസിന്റെ പിതാവും, ശ്രീ തോമസ്സ് സ്ക്കറിയയുടെ grandmother-ഉം കർത്താവിൽ നിദ്ര പ്രാപിച്ചു. പരേതരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നതോടൊപ്പം സന്തപ്ത കുടുംബാംഗങ്ങളോടുള്ള അനുശോചനം രേഖപെടുത്തുന്നു.

Cottage Prayer Meeting നടത്തുവാൻ താൽപര്യമുള്ളവർ ശ്രീ രാജു. കെ വർഗ്ഗീസിനെ ബന്ധപ്പെടുക. (39974567) വീടുകളിൽ നടത്തുവാൻ സൗകര്യമില്ലാത്തവർക്ക് പള്ളിയിൽ വച്ച് നടത്തുന്നതിന് സൗകര്യമുണ്ടായിരിക്കും.

## ഡോ: ഗീവർഗിസ് മോർ കൂറിലോസ്സ് WCC സാമ്പത്തീക കാര്യ ഉപദേശക സമിതയിൽ



ജനീവ: യാക്കോബായ സഭയുടെ നിരണം, UK ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്താ ഡോ: ഗീവർഗിസ് മോർ കൂറിലോസ്സിനെ സഭകളുടെ ലോക കൗൺസിലിന്റെ സാമ്പത്തിക കാര്യ ഉപദേശക സമിതിയിലേക്ക് കൗൺസിൽ ജനറൽ സെക്രട്ടറി ഡോ: സാമുവൽ കോബിയാ നാമ നിർദ്ദേശം ചെയ്തു. WCC-യുടെ മിഷൻ ആൻഡ് ഇവാഞ്ചലീസം കമ്മീഷന്റെ മോഡറേറ്റർ കൂടിയാണ് ഡോ: ഗീവർഗിസ് മോർ കൂറിലോസ്സ് മെത്രാപ്പോലീത്താ. (മാതൃഭൂമി ദിനപത്രം 08-04-09)

## സഭാപിതാക്കൻമാരുടെ അർത്ഥപൂർണ്ണണമായ സ്ഥാന പേരുകൾ

| സ്ഥാനപേര് | അർത്ഥം | ഈ സ്ഥാനപേരിലുള്ള നമ്മുടെ പിതാക്കൻമാർ |
|---|---|---|
| ഇഗ്നാത്തിയോസ് | അഗ്നിമയൻ, തീയ്യുടുത്തവൻ | പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ സ്ഥാനപേര്. |
| ബസേലിയോസ്– | രാജാവ് (രാജകീയ പദവിയും ഔന്നത്യവുമുള്ള വൻ). | ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ സ്ഥാനപേര് |
| സേവേറിയോസ് | കൃത്യനിഷ്ഠയുള്ള | എബ്രാഹാം മോർ സേവേറിയോസ് കുറിയാക്കോസ് മോർ സേവേറിയോസ് |
| ഗ്രീഗോറിയോസ് | ജാഗ്രതയുള്ളവൻ, ഉണർവുള്ളവൻ, സൂഷ്മതയുള്ളവൻ | ജോസഫ് മോർ ഗ്രീഗോറിയോസ്, കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് |
| ഐറേനിയോസ് | സമാധാനം, സമധാനവും, ശാന്തിയും കൈവരുത്തുന്നവൻ | പൗലോസ് മോർ ഐറേനിയോസ് |
| തെയോഫീലോസ് | ദൈവം സ്നേഹിക്കുന്നവൻ | കുറിയാക്കോസ് മോർ തെയോഫീലോസ് |
| അത്താനാസ്യോസ് | മരണമില്ലാത്തവൻ (നിത്യ ജീവൻെറ ഉടമ). | ഗീവർഗീസ് മോർ അത്താനാസ്യോസ്, ഏല്യാസ് മോർ അത്താനാസ്യോസ് |
| പീലക്സീനോസ് | പരദേശികളെ സ്നേഹിക്കുന്നവൻ | യൂഹാനോൻ മോർ പീലക്സീനോസ് |
| ഒസ്താത്തിയോസ് | സുസ്ഥിരൻ, നല്ല നിലയിലുള്ള | പത്രോസ് മോർ ഒസ്താത്തിയോസ് |

| | | |
|---|---|---|
| പോളിക്കാർപ്പസ് | ഫലപൂർണ്ണൻ | ഗീവർഗീസ് മോർ പോളിക്കാർപ്പസ് |
| തീമോത്തിയോസ് | ദൈവത്തെ ആദരിക്കുന്നവൻ ദൈവത്തെ മഹത്വപെടുത്തുന്ന | തോമസ് മോർ തീമോത്തിയോസ് |
| ഈവാനിയോസ് | യഹോവ കരുണയുള്ളവൻ | മാത്യൂസ് മോർ ഈവാനിയോസ് |
| ക്ലീമ്മീസ് | മുന്തിരിവള്ളി | കുര്യാക്കോസ് മോർ ക്ലീമ്മീസ് |
| തീത്തോസ് | പരിചാരകൻ | യൽദോ മോർ തീത്തോസ് |
| ദീവന്നാസ്യോസ് | സൂര്യൻ, മുന്തിരിചാറിന്റെ ദേവൻ | ഗീവർഗ്ഗീസ് മോർ ദീവന്നാസ്യോസ് |
| മിലിത്തിയോസ് | പോരാളി | യൂഹാനോൻ മോർ മിലിത്തിയോസ് |
| യൂലിയോസ് | ചുരുണ്ട രോമമുള്ളവൻ | കുറിയാക്കോസ് മോർ യൂലിയോസ് |
| യൗസേബിയോസ് | ദൈവ ഭക്തൻ | കുറിയാക്കോസ് മോർ യൗസേബിയോസ് |

**സമാഹരണം ജിബി എൽസൺ,**

## നാല്പതു പേർക്ക് ശെമ്മാശ്ശ സ്ഥാനം നൽകി



സ്വീഡൻ: ആകമാന സുറിയാനി സഭയുടെ ചരിത്രത്തിൽ ആദ്യമായി 40 ബാലന്മാരെ ശെമ്മാശ്ശ സ്ഥാനത്തേക്കുയർത്തി. 2009 ഏപ്രിൽ 5 ഞായറാഴ്ച സ്വീഡനിലെ സ്റ്റോക്ക്ഹോമിലുള്ള ഹാലൻബർഗൻ സെന്റ് പീറ്റേഴ്സ് സുറിയാനി ഓർത്തഡോക്സ് പള്ളിയിലാണ് ഈ ചടങ്ങ് നടന്നത്. സ്വീഡൻ-സ്കാന്റിനേവിയൻ ഭദ്രാസനങ്ങളുടെ അഭിവന്ദ്യ മോർ യൂലിയോസ്സ് അബ്ദുൾ ആഹാദ് ഗാലോ ശാബോ മെത്രാപ്പോലീത്തയാണ് മുഖ്യ കാർമ്മികത്വം വഹിച്ചത്. (Source www.melthodhaye.com)

# The Little Girl In The Park

There was a little girl sitting by herself in the park. Every one passed by her and never stopped to see why she looked so sad. Dressed in a worn pink dress, barefoot and dirty, the girl just sat and watched the people go by.

She never tried to speak, she never said a word. Many people passed but no one would stop. The next day I decided to go back to the park in curiosity to see if the little girl would still be there. Yes, she was there, right in the very spot as she was yesterday and still with the sad look in her eyes.

To day I was to make my own move and walk over to the little girl. For as we all know, a park full of strange people is not a place for young children to play alone. As I got closer I could see the back of the little girl's dress was obscenely shaped. I figured that was the reason people just passed by and made no effort to help.

Deformities are a low blow to our society and, heaven forbid if you make a step toward assisting someone who is different. As I got closer, the little girl lowered her eyes slightly to avoid my intent stare. As I approached her, I could see the obscene shape of her back more clearly. She was grotesquely shaped in a humped-over form. I smiled to let her know it was OK; I was there to help, to talk. I sat down beside her and opened with a simple hello.

The little girl acted shocked, and stammered a "Hi," after a long stare into my eyes. I smiled and she shyly smiled back. We talked until darkness fell and the park was completely empty. I asked the girl why she was so sad. The little girl looked at me and with a sad face said, "Because I am different".

I immediately said, "That you are!" and smiled. The little girl acted even sadder and said "I know".

"Little girl," I said "you remind of me an angel, sweet and innocent. She looked at me and smiled. Slowly she got to her feet and said, "Really?"

"Yes you are like a little Guardian Angel sent to watch over all those people walking by."

She nodded her head eyes, and smiled. With that she spread her wings and said. "I am. I am you Guardian Angel," with a twinkle in her eye. I was speechless, sure I was seeing things. She said, "for once you thought of someone other than yourself. My job here is done.

"I got to my feet and said, "Wait. So why did no one stop to help an angel?" she looked at me smiled, "you are the only one that could see me," and then she was gone. And with that, my life was changed dramatically.
So, when you think you are all you have, remember, your angel is always watching over you.

**Collected by SAI Manarkadu.**




## ഉറപ്പാക്കേണ്ട വിളിയും

## പിന്നെ... തെരഞ്ഞെടുപ്പും




പതിനഞ്ചാം ലോക്സഭാ തെരഞ്ഞെടുപ്പിന്റെ തിരതള്ളൽ നമ്മുടെ രാജ്യത്താകമാനം ആവേശത്തിന്റെ ഓളം ഉയർത്തിക്കൊണ്ടിരിക്കുകയാണ്. ആയിരക്കണക്കിനു സ്ഥാനാർത്ഥികൾ മത്സരരംഗത്ത് സജീവപ്രചരണം നടത്തുന്നു. 21-ാം നൂറ്റാണ്ടിൽ ഇൻഡ്യയുടെ ഭരണചക്രം ആരുടെ കൈകളിലായിരിക്കുമെന്ന് അറിയുവാൻ എല്ലാവരും ആകാംക്ഷാഭരിതരായി ദിവസങ്ങൾ തള്ളിനീക്കുന്നു. ചില ദിവസങ്ങൾക്കകം എല്ലാവരുടെയും ആവേശം കെട്ടടങ്ങും. കൊടി തോരണങ്ങളും പ്രസംഗവേദികളുമെല്ലാം ആർക്കും വേണ്ടാതാകും. കുറഞ്ഞ പക്ഷം അടുത്തതെരഞ്ഞെടുപ്പുവരെയെങ്കിലും!

തെരഞ്ഞെടുപ്പവസാനിച്ചാൽ പിന്നെ തെരഞ്ഞെടുപ്പിൽ സംഭവിച്ച കൃത്യമങ്ങളെക്കുറിച്ചുള്ള പരാതികളുടെ പ്രളയമായിരിക്കും. കുറ്റമറ്റ തെരഞ്ഞെടുപ്പ് മനുഷ്യനാൽ അസാധ്യമാണ്. ഇവിടെ അർഹതയുള്ളവർ പരാജിതരാകുകയും അടവും അഭ്യാസവും അറിയാവുന്ന അനർഹർ വിജയിക്കുകയുമാണ് പതിവ്. എന്നാൽ ദൈവീക തെരഞ്ഞെടുപ്പ് കുറ്റമതാണ്.

മനുഷ്യചരിത്രത്തിന്റെ ആരംഭം മുതൽ തുടങ്ങിയതാണ് ദൈവത്തിന്റെ തെരഞ്ഞെടുപ്പ്. അതിന്റെ പ്രസക്തി നാലോ, അഞ്ചോ വർഷംകൊണ്ട് അവസാനിക്കുന്നതല്ല. ദൈവത്താൽ തെരഞ്ഞെടുക്കപ്പെടുന്നവർ നിത്യതമുഴുവനും ദൈവീക അവകാശങ്ങളുടെ പങ്കാളികളായി തീരുന്നു. അർഹതയുള്ള അവസാനത്തെ വ്യക്തിയെ തെരഞ്ഞെടുക്കുന്നതുവരെ ഈ പ്രക്രിയ തുടർന്നുകൊണ്ടിരിക്കും.

മഞ്ഞനിക്കര ബാവയുടെ ഇക്കഴിഞ്ഞ പെരുന്നാളിന് രാത്രി നേർച്ച ഉണ്ടാക്കികൊണ്ടിരുന്നപ്പോൾ ഒരു വ്യക്തി പറഞ്ഞു: ''ഞാൻ ആഗ്രഹിച്ചാലും ഇല്ലെങ്കിലും എനിക്കു സ്വർഗ്ഗം ലഭിക്കണമോ വേണ്ടയോ എന്ന് ഞാനല്ലല്ലോ, ദൈവമല്ലേ തീരുമാനിക്കേണ്ടത്.''അദ്ദേഹത്തിന്റെ സംശയത്തിന് ആധാരം ഏശാവിനെ തള്ളിക്കളഞ്ഞിട്ട് ദൈവം യാക്കോബിനെ തെരഞ്ഞെടുത്ത സംഭവമായിരുന്നു. ദൈവീക തെരഞ്ഞെടുപ്പിനെക്കുറിച്ച് പലരും ഇതുപോലെയുള്ള തെറ്റിദ്ധാരണകൾ വെച്ചു പുലർത്തുന്നു എന്നതാണ് വാസ്തവം. ദൈവത്തിന്റെ മുന്നറിവ്, മുൻനിർണ്ണയം എന്നിവയെക്കുറിച്ചുള്ള അജ്ഞതയാണ് ദൈവീക തെരഞ്ഞെടുപ്പിനെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾക്കുകാരണം. ദൈവം സർവ്വജ്ഞാനിയാകയാൽ സംഭവിച്ചതും സംഭവിച്ചുകൊണ്ടിരിക്കുന്നതും മേലാൽ സംഭവിക്കാനുള്ളതുമായ സകല കാര്യങ്ങളെക്കുറിച്ചും അറിയുന്നു. അഥവാ, ദൈവത്തിന്റെ മുന്നറിവിൻ പ്രകാരം ഓരോരുത്തരുടെയും അന്ത്യം എന്താകുമെന്ന് അവിടുന്ന് വ്യക്തമായി അറിയുന്നു. മുൻ നിർണ്ണയമാണ് പലർക്കും പിടികിട്ടാനുള്ളത്. ''ഇവൻ നരകത്തിൽ പോകണം'' എന്ന നിലയിൽ ദൈവം ആരെക്കുറിച്ചും മുൻ നിർണ്ണയം നടത്തുന്നില്ല. അങ്ങനെ ദൈവം ചെയ്താൽ ദൈവം

അനീതിയുള്ളവൻ എന്നുവരും. എല്ലാവർക്കുംവേണ്ടി ദൈവം ഒരു രക്ഷാമാർഗ്ഗം മുൻനിർണ്ണയിച്ചിട്ടുണ്ട്. അത്, കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവർക്കും ലഭ്യമാണ്.
''നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന് അവൻ ലോകസ്ഥാപനത്തിനു മുമ്പേ നമ്മെ അവനിൽ തെരഞ്ഞെടുക്കുകയും തിരുഹിതത്തിന്റെ പ്രസാദപ്രകാരം യേശുക്രിസ്തു മുഖാന്തരം നമ്മെ തെരഞ്ഞെടുക്കേണ്ടതിനു അവൻ പ്രിയനായവനിൽ നമുക്കു സൗജന്യമായി നൽകിയ കൃപാമഹത്വത്തിന്റെ പുകഴ്ചെക്കായി സ്നേഹത്തിൽ നമ്മെ മുന്നിയമിക്കയും ചെയ്തുവല്ലോ. എഫേസ്യർ 1:4-6.
''അവൻ നമ്മെ രക്ഷിക്കയും വിശുദ്ധവിളികൊണ്ട് വിളിക്കയും ചെയ്തത് നമ്മുടെ പ്രവർത്തികൾ നിമിത്തമല്ല സകലകാലത്തിനും മുമ്പെ യേശുക്രിസ്തുവിൽ നമുക്ക് നൽകിയിരിക്കുന്നതും ഇപ്പോൾ മരണം നീക്കുകയും സുവിശേഷംകൊണ്ട് ജീവനും അക്ഷയതയും വെളിപ്പെടുത്തുകയും ചെയ്ത നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയാൽ വെളിപ്പെട്ടിരിക്കുന്നതുമായ തന്റെ സ്വന്ത നിർണ്ണയത്തിനു കൃപയ്ക്കും ഒത്തവണ്ണമത്രേ'' 2 തിമൊഥെയോസ് 1:9-10.
ഈ വാക്യങ്ങളിൽ നിന്നും ക്രിസ്തുവിന്റെ സുവിശേഷമാണ് സകലമാനവജാതികൾക്കും നിത്യജീവനുവേണ്ടി ദൈവം മുൻനിർണ്ണയിച്ചിരിക്കുന്ന മാർഗ്ഗം എന്ന തെളിയുന്നു. നോഹയുടെ തലമുറയിലുണ്ടായിരുന്ന ജനത്തെ, അവരുടെ ദുഷ്ടതയുടെ ആദിക്യം നിമിത്തം ദൈവം നശിപ്പിക്കുവാൻ തീരുമാനിച്ചിപ്പോൾ, അതിൽനിന്നും രക്ഷപെടുവാൻ ആഗ്രഹമുള്ളവർക്കുവേണ്ടി ഒരു പെട്ടകം രക്ഷാമാർഗ്ഗമായി നിയമിച്ചതുപോലെ ഈ കാലത്തിലും സുവിശേഷം, ഇച്ഛിക്കുന്ന ഏവർക്കും രക്ഷാമാർഗ്ഗമത്രേ.
ദൈവത്തിന്റെ ഏകജാതനായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ സൗജന്യമായി നൽകുവാൻ അവിടുന്ന് സദാസന്നദ്ധനാണ്. യോഹന്നാൻ. 3:16. കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും. റോമർ 10:13 ആരും നശിച്ചുപോകുവാൻ ആഗ്രഹിക്കാത്ത ദൈവം സകല ഭൂസീമാവാസികളെയും രക്ഷക്കായി വിളിക്കുന്നു. ഇനിയും ആരെങ്കിലും നശിക്കുന്നെങ്കിൽ അത് അവർ നാശത്തെ സ്വയം തെരഞ്ഞെടുക്കുന്നതുകൊണ്ടാണ്. തെരഞ്ഞെടുപ്പിന്റെ തിരക്കിനിടയിൽ അൽപ്പനിമിഷങ്ങൾ നിത്യതയുമായുള്ള ബന്ധത്തിൽ ചിന്തിപ്പാൻ ഉപയോഗിച്ചാൽ അത് ഒരിക്കലും നഷ്ടമായിരിക്കില്ല. ജീവനോ മരണമോ, ദൈവമോ പിശാചോ, സ്വർഗ്ഗമോ നരകമോ എന്തും തെരഞ്ഞെടുക്കുവാൻ നമുക്കു സ്വാതന്ത്ര്യമുണ്ട്. പക്ഷേ, നമ്മുടെ തെരഞ്ഞെടുപ്പ് ദൈവേഷ്ടത്തിനു വിരുദ്ധമെങ്കിൽ അതിന്റെ തിക്തഫലം നാം തന്നെ അനുഭവിക്കേണ്ടിവരും എന്നത് മറക്കരുത്. ആകയാൽ, തിന്മ തള്ളി നന്മ തെരഞ്ഞെടുക്കുക. സൂര്യന്റെ ഉദയം മുതൽ അസ്തമയംവരെ ദൈവം മനുഷ്യനെ വിളിച്ചുകൊണ്ടിരിക്കുന്നു. ദൈവത്തിന്റെ വിളി ശ്രദ്ധിച്ച് അനുസരിക്കുന്നവരെ അവിടുന്ന് രക്ഷിക്കുന്നു. വിളി ദൈവത്തിന്റേതും, തെരഞ്ഞെടുപ്പ് നമ്മുടേതുമാണ്. ആകയാൽ, വിളിയും തെരഞ്ഞെടുപ്പും ഉറപ്പാക്കുക. BY AKS

## പിതാക്കന്മാരുടെ അസ്ഥികൾ റാഞ്ചുന്ന പൈശാചിക കൂട്ടങ്ങൾ

പിതാക്കന്മാരുടെ അസ്ഥികൾക്കായി ആലുവായിലും, മഞ്ഞനിക്കരയിലും, കോതമംഗലത്തും എല്ലാം അവകാശം ഉന്നയിച്ചു അവയെ കവർന്നെടുക്കുവാൻ ചില പൈശാചിക കൂട്ടങ്ങൾ കൂട്ടവിളി നടത്തുന്നതും കോടതി കയറിയിറങ്ങുന്നതും നാം ഏറെ ചിന്തിക്കേണ്ട ഒരു സംഗതിയാണ്.

ജീവിച്ചിരുന്നപ്പോൾ കോടതികൾതോറും വ്യവഹാരം നടത്തുകയും പിതാക്കന്മാരെ കണ്ണീർ കുടിപ്പിക്കുകയും ചെയ്ത പൈശാചിക കൂട്ടമെ നിങ്ങൾ അറിയുന്നില്ലല്ലോ നിങ്ങളെക്കുറിച്ചു കർത്താവ് പ്രവചിച്ചിരിക്കുന്നു.

***നിങ്ങൾക്കു അയ്യോ കഷ്ടം; നിങ്ങൾ പ്രവാചകന്മാരുടെ കല്ലറകളെ പണിയുന്നു; നിങ്ങളുടെ പിതാക്കന്മാർ അവരെ കൊന്നു. അതിനാൽ നിങ്ങളുടെ പിതാക്കന്മാരുടെ പ്രവൃത്തികൾക്കു നിങ്ങൾ സാക്ഷികളായിരിക്കയും സമ്മതിക്കയും ചെയ്യുന്നു; അവർ അവരെ കൊന്നു; നിങ്ങൾ അവരുടെ കല്ലറകളെ പണിയുന്നു. അതുകൊണ്ടു ദൈവത്തിന്റെ ജ്ഞാനവും പറയുന്നതു: ഞാൻ പ്രവാചകന്മാരെയും അപ്പോസ്തലന്മാരെയും അവരുടെ അടുക്കൽ അയക്കുന്നു; അവരിൽ ചിലരെ അവർ കൊല്ലുകയും ഉപദ്രവിക്കയും ചെയ്യും. ഹാബേലിന്റെ രക്തം തുടങ്ങി യാഗപീഠത്തിന്നും ആലയത്തിന്നും നടുവിൽവെച്ചു പട്ടുപോയ സെഖര്യ്യാവിന്റെ രക്തംവരെ ലോകസ്ഥാപനം മുതൽ ചൊരിഞ്ഞിരിക്കുന്ന സകല പ്രവാചകന്മാരുടെയും രക്തം ഈ തലമുറയോടു ചോദിപ്പാൻ ഇടവരേണ്ടതിന്നു തന്നേ. അതേ, ഈ തലമുറയോടു അതു ചോദിക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു. ന്യായശാസ്ത്രിമാരായ നിങ്ങൾക്കു അയ്യോ കഷ്ടം; നിങ്ങൾ പരിജ്ഞാനത്തിന്റെ താക്കോൽ എടുത്തു കളഞ്ഞു; നിങ്ങൾ തന്നേ കടന്നില്ല; കടക്കുന്നവരെ തടുത്തും കളഞ്ഞു. (ലൂക്കോസ് 11:47–52)***

പ്രവാചകന്മാരുടെ വാക്കുകളെ മറുതലിക്കുകയും അവരെ പീഢിപ്പിക്കുകയും, അവരെ കൊല്ലുകയും ചെയ്ത ന്യായശാസ്ത്രിമാരെ നിങ്ങൾക്കയ്യോ കഷ്ടം. എന്നു കർത്താവ് പറയുമ്പോൾ അയ്യോ അയ്യോ നാമമാത്ര മെത്രാൻകക്ഷി മെത്രാന്മാരെ, നാമമാത്ര മെത്രാൻകക്ഷി പട്ടക്കാരെ നിങ്ങൾക്കു കഷ്ടം. നിങ്ങൾ ഏതൊരു സത്യവിശ്വാസത്തെ തള്ളിപറയുന്നുവോ ആ സത്യവിശ്വാസത്തിനുവേണ്ടി ജീവിച്ചുമരിച്ച പിതാക്കന്മാരെ നിങ്ങൾ ജീവിച്ചിരിക്കുമ്പോൾ പീഢിപ്പിച്ചു.... ഇപ്പോൾ നിങ്ങൾ അവരുടെ കല്ലറകളെ കവർന്നെടുക്കുകയും അവ ഉയർത്തിക്കാട്ടി അവിടെ വീഴുന്ന കാശെടുത്ത് നിങ്ങൾ പിതാക്കന്മാരുടെ വഴിയെ നടക്കുന്ന പാവപ്പെട്ട ദൈവജനത്തെ പീഢിപ്പിക്കുന്നു. നിങ്ങൾ ന്യായശാസ്ത്രിമാരേക്കാളും കഠിന ഹൃദയർ. നിങ്ങൾക്കയ്യോ കഷ്ടം...... നിങ്ങൾ അവിശ്വാസികൾ, അഹങ്കാരികൾ, തന്നിഷ്ടക്കാർ, താന്തോന്നികൾ, ധനമോഹികൾ, ആത്മപ്രശംസക്കാർ, അസൂയാലുക്കൾ........ നിങ്ങൾ പതിയിരുന്നു ആടുകളെ വിഴുങ്ങുന്ന കള്ള ഇടയന്മാർ.....നിങ്ങൾക്കയ്യോ കഷ്ടം......

മോശ മരിച്ചു കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ അസ്ഥികൾക്കായി പിശാചു വാദിക്കുന്നു. അവൻ മിസ്രേമ്യനെ അടിച്ചുകൊന്നു. ദൈവം ഒരു പ്രാവശ്യം വെള്ള ത്തിന്മേൽ വടി നീട്ടാൻ പറഞ്ഞപ്പോൾ അവൻ രണ്ടു പ്രാവശ്യം നീട്ടി തുടങ്ങിയ കുറ്റങ്ങൾ ആരോപിച്ചു മോശയുടെ അസ്ഥികൾക്കായി വാദിക്കുന്നു. ദൈവത്തിന്റെ മാലാഖ അതിനു ഇപ്രകാരം മറുപടി പറയുന്നു. അവൻ മിസ്രേമ്യനെ കൊന്നെങ്കിലും അവൻ രണ്ടു പ്രാവശ്യം വെള്ളത്തിന്മേൽ മക്കളെ സൃഷ്ടിക്കാൻ കഴിയും എന്നുള്ളത്

നിങ്ങൾക്ക് തിരച്ചറിയുവാൻ കഴിയാത്തതെന്ത്? നിങ്ങൾക്കു പിതാക്കന്മാരെ വേണ്ട... അവരുടെ വാക്കുകളും ജീവിതവും വേണ്ട.... അവരുടെ വിശ്വാസവും വേണ്ട.... നിങ്ങൾക്കു അവരുടെ കബറുകളും, അവരുണ്ടാക്കിയ സ്വത്തും, അവർ വളർത്തിയ സഭയും മതി.... ഇതിനു പറയുന്ന പേരല്ലേ *ആത്മീയ വ്യഭിചാരം.* അന്യന്റെ മുതലിനെ ആഗ്രഹിക്കരുതന്നല്ലേ.... കർത്താവു പറഞ്ഞിട്ടുള്ളത്.... ഇതു ഞങ്ങളുടെ വിശ്വാസം. യൗസേഫ് യിസ്രായേൽ ജനത്തോടാവശ്യപെട്ടു മിസ്രയിമിൽ നിന്നുപോകുമ്പോൾ എന്റെ അസ്ഥികളെ നിങ്ങൾ കൊണ്ടുപോകണം. അവയെ പിതാക്കന്മാരുടെ കബറിൽ അടക്കം ചെയ്യണം....


അവിശ്വാസികളുടെ കയ്യിൽ പെടാതെ വിശുദ്ധ പിതാക്കന്മാരുടെ അസ്ഥികളെ സംരക്ഷിച്ച് നമ്മുടെ കർത്താവിന്റെ രണ്ടാം വരവുവരെയും സംരക്ഷിക്കേണ്ടത് ആത്മീയ മക്കളുടെ ഉത്തരവാദിത്വമാണ്. ഇതു ഞങ്ങളുടെ വിശ്വാസത്തിന്റെ കാര്യമാണ്. ഈ സത്യ വിശ്വാസത്തിന്റെ സംരക്ഷണത്തിനായി ഒരു തുള്ളി രക്തം ചിന്തുന്നത് ഞങ്ങൾക്ക് അനുഗ്രഹമാണ്, അഭിമാനമാണ്. അതിനായി നിലനിൽക്കുന്ന സത്യവിശ്വാസികളായ പിതാക്കന്മാർ ഞങ്ങളുടെ അനുഗ്രഹമാണ്, അഭിമാനമാണ്. അതിനായി രക്തസാക്ഷികളാകേണ്ടി വന്നാലും ഞങ്ങൾ സന്തോഷിക്കുന്നു.

*ക്രൂശിന്മേൽ തല ചായിച്ചോൻ വലഭാഗത്തായ് മുടിമുടയുന്നതു കണ്ടപ്പോൾ സഹദേന്മാർ നിങ്ങൾ നാനാവിധ യാതനേയേയും കൂസീടാതെ ഗളരുധിരത്താൽ ധവളിമയങ്കൾക്കുളവാക്കി... പീഢകളെ വെന്നിഹ മശിഹായെ സ്നേഹിച്ചോർ ധന്യന്മാർ നിങ്ങൾ ഭൂസ്വർഗ്ഗങ്ങളിലേറുന്നു സ്മരണം നിങ്ങൾക്കായ്..*

സഹദേന്മാരുടെ മാർഗ്ഗമാണ് ക്രിസ്തീയ ജീവിതം. സത്യവിശ്വാസത്തിനായി മരിക്കുവാൻ കഴിയുന്നത് മഹാഭാഗ്യമാണ്. സുറിയാനി സഭാ സത്യവിശ്വാസികളായ സഹദേന്മാരുടെ രക്തത്താൽ വളർന്ന സഭയാണ്. ഞങ്ങൾക്ക് വലുത് വിശ്വാസമാണ്. ഞങ്ങളുടെ പിതാക്കന്മാരുടെ അസ്ഥികൾ ഞങ്ങൾ സംരക്ഷിക്കും. അത് കർത്താവിന്റെ തിരുശരീര രക്തങ്ങൾ വസിക്കുന്ന ഭവനമാണ്. (2 കൊരി: 6:16) വിശുദ്ധന്മാരുടെ അസ്ഥികൾ രോഗികളെ സുഖപ്പെടുത്തുന്ന ക്രിസ്തുവിന്റെ ശരീരം ആകുന്ന സഭയാം വൃക്ഷത്തിലെ ഇലകളാകുന്നു.,(വെളിപാട് 22:2). വിശുദ്ധന്മാരുടെ അസ്ഥികൾ മരിച്ചവർക്കു ജീവൻ നൽകാൻ ശക്തിയുള്ളവയെന്നു ഞങ്ങൾ വിശ്വസിക്കുന്നു. (2–രാജ:13:22) അത് സംരക്ഷിക്കുവാനുള്ള ഞങ്ങളുടെ ആത്മത്യാഗത്തെ നിങ്ങൾക്ക് എന്ത് ഓമനപ്പേരിട്ട് വിളിക്കാം.

വിശുദ്ധ യൂദായുടെ ലേഖനം 1:9–ൽ മോശയുടെ മരണത്തിനുശേഷം, മോശയുടെ അസ്ഥിക്കായി സാത്താനും, മീഖായേലുമായി യുദ്ധം ചെയ്യുന്നതായി നാം കാണുന്നു. വൈദീകരുടെ ശവസംസ്ക്കാര ശുശ്രൂഷയിൽ പിതാക്കന്മാർ ഈ മരണാന്തര ശുശ്രൂഷയെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നു. വലിയനോമ്പിലെ ശുശ്രൂഷയിലും ഇതിനെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. മോശയുടെ അസ്ഥികൾക്കായി ദൈവത്തിന്റെ സഭയുടെ അവകാശത്തിനായി മാലാഖമാർ പോരാടുമ്പോൾ ഒന്നേമറുപടി പറഞ്ഞുള്ളു ദൈവം നിന്നെ ഭർസിക്കട്ടെ? സഹോദരങ്ങളെ ഈ ആത്മീയ പോരാട്ടം നമുക്കു തുടരാം. പിതാക്കന്മാർക്കൊപ്പം നമുക്കും പ്രാർത്ഥനയും നോമ്പുമായി മുന്നേറാം. പിതാക്കന്മാരുടെ മദ്ധ്യസ്ഥത നമുക്ക് ശക്തിയേകട്ടെ. By Fr. George Varghese

## Are You Bible Literate?
## Bible Crossword # 5 (May 2009)



Leela Alexander

**ACROSS**

**2** Which Hebrew was given the daughter of the Pharaoh as a wife?

**4** According to Luke's gospel, which Roman ruler ordered a census in the empire?

**6** Which king was reprimanded by his military commander for weeping too long over his dead son?

**9** Which Assyrian king attacked the Philistines, leading Isaiah to walk around naked for three years?

**11** Which future king of Israel was out hunting for his donkeys when Samuel came to anoint him?

**13** Which king ordered Daniel to be thrown into the lions' den?

**14** Which king of Judah sacrificed his sons in the fire but later became repentant?

**DOWN**

**1** Which Persian king was embarassed by his disobedient wife?

**2** Which king of Judah tore down the pagan shrines and stamped out child sacrifices in Judah?

**3** Which fat king of Moab was murdered by the judge Ehud?

**5** Which son of David tried to make himself king after David's death?

**7** Who built pagan temples to please all his foreign wives?

**8** Which king had the apostle James executed with a sword and had Peter arrested?

**10** Which king of Judah was murdered after he fled to Lachish?

**12** Which saintly king of Judah was crippled with a foot disease in his old age?

**<u>Useful References</u>: 1 Kings 11; Esther 1; 2 Kings 14; 1 Samuel 9; Acts 12; Judges 3; Daniel 6; 2 Kings 23; 2 Chronicles 33; Isaiah 20; Genesis 41; Luke 2; 1 Kings 15; 2 Samuel 19; 1 Kings 1**

This is the fifth in the series of Bible crossword puzzles for 2009. This time all the clues are about **kings and rulers** mentioned in the Bible. Solve the crossword and deposit your answers in the box near the door to the church within 14 days after the release of the news letter. This contest is open to all; Sunday school students and adults. The winners' names will be published in the Church Newsletter. The annual award is given only to Sunday school students. A few references are given. Use them if necessary. You may also send the answers to me by email. My email address is bibleliterate@gmail.com

## Solution to Bible Crossword #4 April 2009

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | A | | | | | | | | | J | O | B |
| | H | A | D | A | S | S | A | H | | | | I |
| | I | | | | | | S | | | | | L |
| | N | | | R | | K | E | T | U | R | A | H |
| C | O | Z | B | I | | | N | | | | | A |
| | A | | | Z | | J | A | E | L | | | H |
| | M | | | P | | | T | | | V | | |
| | | | | A | | | H | A | G | A | R | |
| | M | I | C | H | A | L | | | | S | | |
| | | | | | D | | | E | | H | | |
| | | | | | A | | | S | | T | | |
| | E | L | I | S | H | E | B | A | | I | | |
| | | | | | | | | U | | | | |

## Winners of Bible Crossword #4 April 2009

1. Acsah Elizabeth
2. Akhil Basil Paulose
3. Albert M Johns
4. Angel Ann Joshua
5. Anju Paulose
6. Ashik James
7. Aswin Kurian
8. Christy Mary Thomas
9. Delna Sara Abraham
10. Edhel Elsa Ann Joshua
11. Elaine Agith
12. Elsa Maria Thomas
13. Flemy P Eby
14. Jackson Jerom James
15. Jeeba C Biju
16. Jibu Joseph Biju
17. Joseph Sabu
18. Kamal Baby Paul
19. Lemma Ana Chrisostum
20. Linu Varghese
21. Manvel Benny
22. Maria Anna Eldho
23. Merin Mary Basil
24. Naomy Johns
25. Ria Mariam
26. Riya Raju
27. Ron Joseph
28. Samuel Benny
29. Sandra Saju
30. Sneha Elsa Kuruvilla
31. Thomas Sabu
32. Vivek Solomon

**Congratulations! --- Leela Alexander**

## ക്വിസ് നമ്പർ – 5 (2 ശമുവേൽ 10 – 24)

1 ദാവീദിൻെറ രാജസ്ഥാനം യഥാസ്ഥാനപ്പെടുന്നതുവരെ വസ്ത്രം അലക്കാതെയും കാലിന് രക്ഷ ചെയ്യാതെയും ഇരുന്നതാര് ?

2. "യഹോവേ, അവൻെറ ആലോചനയെ അബദ്ധമാക്കേണമേ" എന്ന് ദാവീദ് പ്രാർത്ഥിച്ചത് ആരെ ഉദ്ദേശിച്ചാണ് ?

3 .ദാൻ മുതൽ ബേർ–ശേബ വരെ യിസ്രായേൽ ഗോത്രങ്ങളിൽ സഞ്ചരിച്ചു ജനത്തെ എണ്ണുവാൻ ദാവീദ് കല്പ്പിച്ചാക്കിയത് ആരെ ?

4. ഊരിയാവിൻെറ ഭാര്യയായ ബേത്ത്–ശേബയുടെ പിതാവാര് ?

5. പാറമേൽ ചാക്കുശീല വിരിച്ച് ശവശരീരങ്ങൾക്ക് കാവലിരുന്ന സ്ത്രീ ആര് ?

6. ഹിമകാലത്തു ഗുഹയിൽ ചെന്നു സിംഹത്തെ കൊന്നവൻ ആര് ?

7. നിനക്കു പകരം ഞാൻ മരിച്ചെങ്കിൽ കൊള്ളായിരുന്നു എന്ന് ദാവീദ് ആരെക്കുറിച്ചാണ് പറഞ്ഞത് ?

8. ബന്ന്യാമീൻ ഗോത്രത്തിലെ ശേബ എന്ന നീചൻെറ പിതാവാര് ?

9. ദയാലുവോടു നീ ദയാലുവാകുന്നു, നിഷ്കങ്കനോടു നീ നിഷ്കങ്കൻ, ദാവീദ് പാടിയ ഈ ഗീതം ഏത് അദ്ധ്യായം എത്രാമത്തെ വാക്യം ?

10. രക്തപാതകാ, നീചാ, പോ, പോ, എന്നു ദാവീദിനോട് പറഞ്ഞതാര് ?

11 "നീയും യിസ്രായേലിൽ വഷളന്മാരുടെ കൂട്ടത്തിൽ ആയിപ്പോകുമല്ലോ" അമ്നോനോട് പറഞ്ഞതാര് ?

12 ദാവീദ് എന്തു വിലകൊടുത്താണ് അരവ്നയോട് കളത്തെയും കാളയേയും വാങ്ങിയത് ?

13 കിണററിലിറങ്ങി ഒളിച്ചിരുന്ന പുരോഹിതന്മാർ ആരെല്ലാം ?

14"യഹോവയാണെ, ഇതു ചെയ്തവൻ മരണയോഗ്യൻ" നാഥാനോട് പറഞ്ഞതാര് ?

15 "യഹോവയാണെ, നിൻെറ മകൻെറ ഒരു രോമം പോലും നിലത്തു വീഴുകയില്ല" ദാവീദ് പറഞ്ഞതാരോട് ?

## ക്വിസ് നമ്പർ – 4 ഉത്തരങ്ങൾ

1– മെഫീബോശെത്ത് 9:18,
2– താമാറിനോട് 13:20,
3– ദാവീദ് 1:16,
4– ഈശ്–ബോശെത്ത് 4:12,
5– 2 സംവത്സരം 2:10,
6– ഊരിയാവിനോട് 11:8
7– യോനാഥാനെക്കുറിച്ച് 1:26,
8– ഇത്ഥായി 15:21
9– ബാൽ–പെരാസീമിൻ 5:20
10– സെരൂയയുടെ 8:16
11– **Cancelled**
12– അമ്നോൻ 3:2
13– അബ്ശാലോം 14:26
14– ഒബേദ്–ഏദോമിൻെറ 6:12
15– നാഥാൻ 12:7

**അടുത്ത ലക്കം ബുള്ളററിൻ ജൂൺ മാസം 5–ന് പ്രസദ്ധീകരിക്കുന്നതിനാൽ എല്ലാ ഉത്തരങ്ങളും, ലേഖനങ്ങളും മേയ് 29–ന് മുമ്പ് ഏല്പിക്കേണ്ടതാണ്**

## 2009 ഏപ്രിൽ ലക്കം ബൈബിൾ ക്വിസ്സ് വിജയികൾ

1. Achama Elias,
2. Aleyamma Thomas,
3. Babu P V,
4. Biju Thelapilly
5. Binu Binoy
6. Bisy Eby,
7. Dany Shaji
8. Delna Anna Abraham
9. Giby Elson,
10. Hepsy Binu,
11. Jojy Susan Mani
12. Laly C Joshua,
13. Lemma Ana Chrisostum,
14. Linda Sara Abraham,
15. Mercy Abraham
16. Moly Baby,
17. Preethi Jijo,
18. Rajan C Daniel
19. Reji Solomon,
20. Rejina Joseph
21. Reny Eldho
22. Shaiby Bay
23. Shaini Shaju,
24. Shelby Jacob,
25. Simi Elias,
26. Sony Roy,
27. Ziby Benny,
28. Blessy Prajeesh

വിജയികൾക്ക്
അഭിനന്ദനങ്ങൾ
അന്നമ്മ ജോസഫ്

മഹാ പരിശുദ്ധനായ അബ്ദുൾ ജലീൽ മോർ ഗ്രീഗോറിയോസ് ബാവായുടെ ഓർമ്മ പെരുന്നാൾ 2009 ഏപ്രിൽ 26 ഞായറാഴ്ച കൊണ്ടാടി. സന്ധ്യാ പ്രാർത്ഥന, വി:കുർബ്ബാന, പെരുന്നാൾ ഏറ്റുകഴിച്ചവർക്കുവേണ്ടി പ്രത്യേക സമർപ്പണ പ്രാർത്ഥന, ആശീർവാദം, നേർച്ച വിളമ്പ് എന്നിവയോടെ പെരുന്നാൾ സമാപിച്ചു.

### ഈ വർഷത്തെ പെരുന്നാൾ ഏറ്റു കഴിച്ചവർ

1. ABEL & BASIL
2. ABJIL POLSON
3. AJAY ABRAHAM
4. ALIAS K. JACOB & FAMILY
5. ANISH & AJEESH
6. BISHA PAUL
7. CHERIAN P. M. & FAMILY
8. EBY JACOB & FAMILY
9. ELDHO K. K. & FAMILY
10. GEORGE P. P.
11. JEEPA SHAJ
12. JIKKU CHACKO & FAMILY
13. NINAN VARKEY
14. NISHANTH BABY JOHN & FAMILY
15. PRASHANTH ABRAHAM
16. REJI T. THOMAS & FAMILY
17. ROY MATHAI & FAMILY
18. SABU VARKEY & FAMILY
19. SAJI MATHAI & FAMILY
20. SAMSON K. JOSEPH & FAMILY
21. SARAH GEORGE
22. SHENY ABRAHAM
23. Angel Alias

യൂത്ത് അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന 49–ാമത് chain prayer മേയ് മാസം 19–ാം തീയ്യതി ചൊവ്വാഴ്ച സന്ധ്യാ പ്രാർത്ഥനയോടെ ആരംഭിച്ച് 20–ാം തീയ്യതി ബുധനാഴ്ച വി കുർബ്ബാനയോടെ അവസാനിക്കുന്നു.

യൂത്ത് അസ്സോസിയേഷൻ പ്രതിമാസ യോഗം എല്ലാ രണ്ടാം വെള്ളിയാഴ്ചകളിലും, മൊർത്ത്–മറിയം വനിതാ സമാജം എല്ലാ ഒന്നും, മൂന്നും വെള്ളിയാഴ്ചകളിലും, സോഷ്യൽ സർവ്വീസ് ലീഗ് എല്ലാ നാലാം വെള്ളിയാഴ്ചകളിലും നടത്തപ്പെടുന്നു.



**Reception to H.G @ Airport**



**Holy Qurbana on 40th Friday**

**Launching Of Computerized Church Accounting System By H.G Mathews Mor Aphrem**





**ഓശാന ശുശ്രൂഷകൾ**







ഈ വർഷത്തെ
ഹാശാ ആഴ്ച
ശുശ്രൂഷകളുടെ
ദൃശ്യങ്ങൾ







കാൽ കഴുകൽ ശുശ്രൂഷ

കാൽ കഴുകൽ ശുശ്രൂഷ





കാൽ കഴുകൽ ശുശ്രൂഷ





ദു:ഖ വെള്ളിയാഴ്ച ശുശ്രൂഷ





















ഉയിർപ്പു (ഈസ്റ്റർ)
പെരുന്നാളിനോട്
അനുബന്ധിച്ച്
*പിടി–നേർച്ച*
ഒരുക്കുന്നതിന്റെ
ദൃശ്യങ്ങൾ

## Silver Wedding Anniversary on 21/05/2009



**Mr. & Mrs. Chev Thomas Abraham**

The Silver Wedding! on some pensive ear
From towers remote as the sound of silvery bells,
Today from one far unforgotten year
A silvery faint memorial music swells
And silver-pale the dim memorial light
Of musing age on youthful joys is shed,
The golden joys of fancy's dawning bright,
The golden bliss of Wood, and won, and wed.

*With Best Compliments*
*Vicar, Managing Committee*
*& Parish Members*

---

## Cottage Prayer Meetting

**(ഭവന പ്രാർത്ഥനാ യോഗം)**

ഈ മാസത്തെ cottage prayer meetting (ഭവന പ്രാർത്ഥനാ യോഗം) 2009 മേയ് 29 വെള്ളിയാഴ്ച വൈകീട്ട് 7:30–ന് ശ്രീ ജോബി പോളിന്റെ വസതിയിൽ വച്ച് നടത്തപ്പെടുന്നു. വിശ്വാസികൾ ഏവരും വന്ന് സംബന്ധിച്ച് അനുഗ്രഹീതരാകുവാൻ കർതൃ നാമത്തിൽ അഭ്യർത്ഥിക്കുന്നു.

**Cottage Address:**
Flat#:31
Building#: 1301
Blue Horizon Building, Juffair.
Contact No: 39326543

## The Ultimate Love

1. The Ultimate Love Of Jesus Christ Is Uncountable.
2. He Loves Us So Much
3. He Wants Us To Be In His Path. He Don't Want Us To Go In The Wrong Path
4. He Is Our Savoir And So He Died For Us In The Cross
5. Oh Jesus I Love You So Much. The Ultimate Love Of Jesus Christ

**By Ashley Shaju**